ഉത്തരം

(എ) ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതിപ്രകാരം സംസ്ഥാനത്ത് 51 സഹകരണ സംഘങ്ങൾക്കും 2009-10 വർഷത്തിൽ പീഡിത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച ധനസഹായ തുക 201 സംഘങ്ങൾക്കും 2009-10, 2010-11 വർഷങ്ങളിൽ സഹകരണ നവരത്നം കേരളീയം ലോട്ടറി ഫണ്ടിൽ നിന്നും ധനസഹായം മുഖേന 94 സഹകരണ സംഘങ്ങൾക്കും 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിയിനത്തിൽ 2 സംഘങ്ങൾക്കും പദ്ധതിയേതരയിനത്തിൽ 12 കക്ക സഹകരണ സംഘങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് ദുർബ്ബല സംഘങ്ങൾക്കുള്ള ധനസഹായപദ്ധതി പ്രകാരം 10 സഹകരണ സംഘങ്ങൾക്കു കൂടി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ (അപ്പക്സ് സഹകരണ സംഘങ്ങൾ ഉൾപ്പെടെ) ഷെയർ, ലോൺ, സബ്സിഡി ഇനങ്ങളിൽ ധനസഹായം നൽകി വരുന്നു. പീഡിത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതിപ്രകാരം ഷെയർ, ലോൺ, സബ്സിഡി ഇനങ്ങളിൽ 2009-10 വർഷത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. സഹകരണ നവരത്നം കേരളീയം ലോട്ടറി ഫണ്ടിൽ നിന്നും ഓഹരി ഇനത്തിൽ സംഘങ്ങൾക്ക് ധനസഹായം നൽകുന്നു. സാഹിത്യ പ്രവർത്തക സഹകരണ സംഘം, ദുർബ്ബല കാർഷിക സഹകരണ യൂണിറ്റുകളുടെ പുനരുദ്ധാരണം, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധനശേഷി ശക്തിപ്പെടുത്തുക, ദുർബ്ബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

സഹകരണ റിസ്ക് ഫണ്ട് നിലവിൽവരുമുമ്പ് മരിച്ചുപോയവരുടെ വായ്പ എഴുതിത്തള്ളാൻ പദ്ധതി

16 (2288) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിസ്ക് ഫണ്ട് നിലവിൽവരും മുമ്പ് മരിച്ചുപോയവരുടെ വായ്പ എഴുതിത്തള്ളുന്നതിനുള്ള നടപടി ഏതുവരെയായി എന്നറിയിക്കുമോ ;

(ബി) ഈ സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1258-ലെ 13553-ാം നമ്പർ അംഗം ബീഫിൻ, കെ. സി. 11700-ാം നമ്പരായി 24-7-2008-ൽ എടുത്ത കാർഷിക വായ്പ, ടിയാൻ 19-2-2009-ൽ വാഹനാപകടത്തിൽ മരണപ്പെട്ടതിനാൽ, എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വരുന്നതിനു മുൻപ് മരണപ്പെട്ട വായ്പക്കാർക്കും ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1258, 7-2-2010-ൽ ആണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമായത്. ചെങ്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1258-ലെ 13553-ാം നമ്പർ അംഗം ബിഫിൻ.കെ.സി. 24-7-2008-ൽ ആണ് ചെങ്കൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തിരുന്നത്. ബിഫിൻ. കെ.സി. വായ്പ എടുത്ത സമയത്ത് ചെങ്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1258 കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമായിട്ടില്ലാത്തതിനാൽ ബിഫിൻ. കെ.സി.-ക്ക് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ല. ആയതിനാൽ ചെങ്കൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 24-7-2008-ൽ വായ്പ എടുത്തശേഷം 13-2-2009-ൽ വാഹനാപകടത്തിൽ മരണപ്പെട്ട ബിഫിൻ. കെ.സി.-യുടെ വായ്പ എഴുതിതള്ളുവാൻ നിലവിലെ പദ്ധതിപ്രകാരം കഴിയുകയില്ല.

കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചശേഷം എഴുതിത്തള്ളിയ വായ്പകൾ

17(2289) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ച ശേഷം ഇതുവരെ എത്ര പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ വായ്പകൾ എഴുതിത്തള്ളണമെന്ന അപേക്ഷകൾ നൽകിയിട്ടുണ്ട് ;

(ബി) ഇവയിൽ ഇതുവരെ എത്ര അപേക്ഷകൾ അനുവദിച്ചു ; ഇതിനായി ആകെ എത്ര കോടി രൂപയാണ് കമ്മീഷൻ ശിപാർശ ചെയ്തത് ;

(സി) ഈ ഇനത്തിൽ കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത എത്ര കോടി രൂപയുടെ വായ്പകളിലാണ് ഇനിയും തുക അനുവദിക്കേണ്ടത് ;

(ഡി) ഇവ സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കടാശ്വാസ കമ്മീഷന് ലഭിച്ചിട്ടുള്ള അപേക്ഷകൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly